**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4062** **17-03-2025 - ൽ മറുപടിയ്ക്ക്**

**ലഹരി കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2020 ജനുവരി മുതൽ 2025 ഫെബ്രുവരി വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലഹരി കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ;<br>ഇക്കാലയളവിൽ പിടികൂടിയ ലഹരി വസ്തുക്കളുടെ മൂല്യം ഇനവും ജില്ലയും തിരിച്ച് വിശദമാക്കുമോ; | (എ) | എക്സൈസ് വകുപ്പ് 2020-ൽ 3667, 2021-ൽ 3922, 2022-ൽ 6116, 2023-ൽ 8104, 2024-ൽ 8160, 2025 ഫെബ്രുവരി വരെ 1883 NDPS കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>2020 ജനുവരി മുതൽ 2025 ഫെബ്രുവരി വരെ പിടികൂടിയ ലഹരി വസ്തുക്കളുടെ മൂല്യം ഇനവും ജില്ലയും തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കേസുകളിൽ വിദ്യാർത്ഥികളും യുവജനങ്ങളും പ്രതികളായിട്ടുള്ള കേസുകളുടെ എണ്ണവും ശതമാനവും പ്രധാനമായും അവർ ഉപയോഗിക്കുന്ന ലഹരി വസ്തുക്കളുടെ തരവും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | 2020 ജനുവരി മുതൽ 2025 ഫെബ്രുവരി വരെ സംസ്ഥാനത്ത് വിദ്യാർത്ഥികളും യുവജനങ്ങളും പ്രതികളായിട്ടുള്ള NDPS കേസുകളുടെ എണ്ണം, ശതമാനം എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br><br>വിദ്യാർത്ഥികളും യുവജനങ്ങളും കഞ്ചാവ്, MDMA, LSD, മെതാംഫിറ്റാമിൻ, അംഫിറ്റാമിൻ, ഹാഷിഷ് ഓയിൽ, ഹെറോയിൻ ബ്രൗൺഷുഗർ, ചരസ്, ഒപ്പിയം, കൊക്കെയ്ൻ, മാജിക്ക് മഷ്റൂം മോർഫിൻ, നൈട്രോസെപ്പാം, സ്പാസ്മോ പ്രോക്സിവോൺ, വിവിധയിനം ടാബ്ലറ്റുകൾ എന്നീ ലഹരി വസ്തുക്കളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ലഹരിയുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം വർധിച്ചുവരുന്നുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കേസുകളിലെ പ്രതികൾക്ക് നൽകുന്ന പരമാവധി ശിക്ഷ എന്താണ്; വിശദാംശം നൽകുമോ; | (സി) | 1985 ലെ NDPS ആക്ട് പ്രകാരം സ്മോൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കൊമേർഷ്യൽ ക്വാണ്ടിറ്റി അളവുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് വ്യത്യസ്ത ശിക്ഷകളാണ് നൽകുന്നത്. കൊമേർഷ്യൽ ക്വാണ്ടിറ്റി കേസുകളിൽ മിനിമം 10 വർഷം മുതൽ പരമാവധി 20 വർഷം വരെ കഠിന തടവും, ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ പിഴയും നൽകുന്നു. കൂടാതെ, NDPS ആക്ട് 31 (എ) പ്രകാരം നിശ്ചിത അളവിലുള്ള ആവർത്തിച്ചുള്ള കുറ്റങ്ങൾക്ക് വധശിക്ഷയോ / 30 വർഷം വരെ കഠിന തടവോ നല്കാൻ വ്യവസ്ഥയുണ്ട്. എൻ.ഡി.പി.എസ് ആക്ട് 31 A പ്രകാരം |

| | | | |
|---|---|---|---|
| | | | വ്യാവസായികാടിസ്ഥാനത്തിലുള്ള ചില പ്രത്യേക മയക്കുമരുന്നുകൾ ഉൾപ്പെടുന്ന കുറ്റകൃത്യം ചെയ്യുക, നിരന്തരം കുറ്റകൃത്യം ആവർത്തിക്കുക, മറ്റൊരാളുടെ മരണത്തിനിടയാക്കുന്ന കുറ്റകൃത്യം ചെയ്യുക, എന്നീ കുറ്റങ്ങൾ ചെയ്യുന്ന പ്രതികൾക്കാണ് വധശിക്ഷ നൽകുന്നത്. |
| (ഡി) | സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച പുതിയ നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ, അതിർത്തി ചെക്ക്പോസ്റ്റുകളിൽ കർശനമായ പരിശോധനകൾ, എൻഫോഴ്സ്മെന്റ്/ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കു പുറമേ 05.03.2025 മുതൽ ‘ Operation Clean State' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ പരമാവധി മയക്കമരുന്ന് കേസുകൾ കണ്ടെടുക്കുന്നതിനു പുറമെ ഒളിവിൽപോയ പ്രതികൾ, വാറണ്ട് പ്രതികൾ എന്നിവരെ അറസ്റ്റ് ചെയ്യുന്നതിനും സ്ഥിരം കുറ്റവാളികൾക്കെതിരെ PIT NDPS ACT പ്രകാരമുള്ള കരുതൽ തടങ്കൽ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | കഞ്ചാവ് (രൂപ) | ബ്രൗൺഷുഗർ (രൂപ) | ഹാഷിഷ് ഓയിൽ (രൂപ) | മെതാംഫിറ്റാമിൻ (രൂപ) | MDMA (രൂപ) | ഹെറോയിൻ (രൂപ) |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 208195920 | 109817.5 | 31697000 | 2629600 | 75037720 | 1822.5 |
| കൊല്ലം | 37774380 | 166770 | 21010480 | 790560 | 21516524 | 3525 |
| പത്തനംതിട്ട | 6842160 | 30135 | 156710 | 60000 | 218840 | ഇല്ല |
| ആലപ്പുഴ | 41450886 | 52372.5 | 2541800 | 3725640 | 9913120 | 250 |
| കോട്ടയം | 18006600 | 1178160 | 930630 | 523520 | 12690160 | 181000 |
| ഇടുക്കി | 23371560 | 39262.5 | 38298310 | 1039000 | 3108720 | 312.5 |
| എറണാകുളം | 112657650 | 1194175 | 118268600 | 5218880 | 390877532 | 3519110 |
| തൃശ്ശൂർ | 52249260 | 56130 | 162466310 | 10368000 | 33131800 | 38600 |
| പാലക്കാട് | 357910920 | 647990 | 171210040 | 81827920 | 39843600 | 1444556 |
| മലപ്പുറം | 160701840 | 439855 | 157604140 | 86982856 | 92787680 | 90430 |
| കോഴിക്കോട് | 28181760 | 49106838.5 | 81383060 | 18573024 | 134962420 | ഇല്ല |
| വയനാട് | 47015040 | ഇല്ല | 2541000 | 68058000 | 153789120 | ഇല്ല |
| കണ്ണൂർ | 42735360 | 209200 | 16641690 | 144167120 | 32813640 | 62350 |
| കാസർഗോഡ് | 30846840 | 32435 | 7083000 | 12201280 | 9327160 | ഇല്ല |



സെക്ഷൻ ഓഫീസർ.

അനുബന്ധം.

| ജില്ല | വിദ്യാർത്ഥികൾ പ്രതികളായ കേസുകളുടെ എണ്ണം | ശതമാനം | യുവജനങ്ങൾ പ്രതികളായ കേസുകളുടെ എണ്ണം (18 -35 വയസ്) | ശതമാനം |
|---|---|---|---|---|
| തിരുവനന്തപുരം | 5 | 0.24 % | 1521 | 74.08 % |
| കൊല്ലം | 2 | 0.08 % | 2117 | 87.40 % |
| പത്തനംതിട്ട | 679 | 36.6 % | 1058 | 57 03 % |
| ആലപ്പുഴ | 769 | 30.94 % | 1678 | 67.52 % |
| കോട്ടയം | 179 | 6.30 % | 2500 | 88.02 % |
| ഇടുക്കി | 2 | 0.07 % | 1974 | 70.85 % |
| എറണാകുളം | 31 | 0.79 % | 1576 | 40.27 % |
| തൃശ്ശൂർ | 147 | 5.44 % | 2100 | 77.77 % |
| പാലക്കാട് | 8 | 0.41 % | 578 | 34.71 % |
| മലപ്പുറം | 0 | 0 % | 1193 | 47.52 % |
| കോഴിക്കോട് | 0 | 0 % | 349 | 25.34 % |
| വയനാട് | 0 | 0 % | 914 | 50.91 % |
| കണ്ണൂർ | 0 | 0 % | 2166 | 84.05 % |
| കാസറഗോഡ് | 0 | 0 % | 65 | 14.38 % |

സെക്ഷൻ ഓഫീസർ